ഗവൺമെന്റ് ആശുപത്രി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി

139 [5284] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ അരീക്കോട്, കീച്ചേരി, പുൽപ്പറ്റ, കാവന്നൂർ എന്നീ ആശുപത്രി കെട്ടിടങ്ങളുടെ കേടുപാടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ കെട്ടിടങ്ങളുടെ അപകടാവസ്ഥ പരിഗണിച്ച് ഇവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അരീക്കോട് ഒഴികെയുള്ള പ്രൈമറി ഹെൽത്ത് സെന്റർ ആശുപത്രി കെട്ടിടങ്ങളുടെ കേടുപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) ഈ ആശുപത്രികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽപ്പെട്ട സ്ഥാപനങ്ങളാണ്. അതിനാൽ അറ്റകുറ്റപ്പണിയുടെ ചുമതലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

പെരുമണ്ണ പഞ്ചായത്തിൽ പി.എച്ച്. സെന്റർ സ്ഥാപിക്കാൻ നടപടി

140 [5285] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പെരുമണ്ണ പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം നിലവിലില്ലെന്ന കാര്യം ഗവൺമെന്റിന്റെ അറിവിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവിടെ പി.എച്ച്.സി. സ്ഥാപിക്കാൻ ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഇതിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പെരുമണ്ണ പഞ്ചായത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം നിലവിലുണ്ട്. 2000-ാം ആണ്ടിൽ നിലവിലുണ്ടായിരുന്ന പെരുവയൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പെരുമണ്ണ, പെരുവയൽ എന്നീ പഞ്ചായത്തുകൾ നിലവിൽ വന്നു. ഇതിനെ തുടർന്ന് പി.എച്ച്.സി. പെരുവണ്ണ എന്ന സ്ഥാപനം പെരുവണ്ണ പഞ്ചായത്തിൽ ഉൾപ്പെടുകയുണ്ടായി. എന്നാൽ പുതുതായി രൂപീകരിച്ച പെരുവയൽ പഞ്ചായത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly